




**സഹനസമരങ്ങളിലൂടെ ഭരണകൂടത്തിന് പ്രതിസന്ധികളൊന്നുമുണ്ടാകുന്നില്ല. അതുകൊണ്ടാണ് ഇത്തരം സമരങ്ങളെ അവഗണിച്ച് ഭരണകൂടം അവരുടെ പദ്ധതികളുമായി മുന്നോട്ട് പോകുന്നത്. ആ സാഹചര്യത്തിൽ ജനങ്ങൾ ഒരു പ്രതിരോധത്തിലേക്ക് ഉയർന്നുവരണം.**

**സി.എ. അജിതൻ / കേരളീയം**

# അഹിംസയുടെ അതിർവരമ്പുകൾ

**ഭരണകൂട ഹിംസയ്ക്കെതിരെയുള്ള സായുധ സമരങ്ങളെ പിന്തുണയ്ക്കുന്ന സംഘടനയുടെ ഭാഗമായി നിന്നുകൊണ്ട് എങ്ങനെയാണ് ഗാന്ധിയൻ സമര രമാർഗ്ഗമായ ഉപവാസം താങ്കൾക്ക് സ്വീകരിക്കാൻ കഴിയുന്നത്? എന്ത് നില പാടാണ് അത്തരം സന്ദർഭത്തിൽ സ്വീകരിക്കുന്നത്?**

ഓരോ സമരരൂപങ്ങളെയും ചിലരുടെ പേരുമായി മാത്രം ബന്ധപ്പെടുത്തി പറയുന്നത് തെറ്റാണെന്നാണ് എന്റെ അഭിപ്രായം. അഹിംസാത്മക സമരങ്ങൾക്കൊപ്പം ഗാന്ധി നിയമലംഘന സമരങ്ങളും നടത്തിയിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ മുദ്രാവാക്യങ്ങൾ ജനമനസുകളിലെത്തിക്കുന്നതിനും അവരുടെ പോരാട്ടവീര്യത്തെ തട്ടിയുണർത്തുന്നതിനുമാണ് സഹനസമരങ്ങൾ അദ്ദേഹം നടത്തിയിരുന്നത്. അതിനെ കേവലം ഗാന്ധിയുടേത് എന്ന് മാത്രം വിശേഷിപ്പിക്കാൻ കഴിയില്ല. ഗാന്ധിയന്മാരല്ലാത്തവരും അക്കാലത്ത് സഹനസമരങ്ങൾ നടത്തിയിട്ടുണ്ട്.

സഹനസമരങ്ങളേക്കാൾ വലിയ നിയമലംഘന സമരങ്ങൾ ഗാന്ധി നടത്തിയിട്ടുണ്ട്. ബ്രിട്ടീഷുകാരന്റെ അനുമതി വാങ്ങിയിട്ടല്ല അദ്ദേഹം ഉപ്പ് കുറുക്കിയത്. പോരാട്ടം എന്ന സംഘടനയുടെ പൊതുനിലപാടിൽ നിന്നുകൊണ്ടാണ് പാലിയേക്കരയിലെ ഉപവാസസമരത്തെ ഞങ്ങൾ നോക്കിക്കാണുന്നത്. ജനങ്ങളെ ആ പ്രശ്നം ബോധ്യപ്പെടുത്തുന്നതിന് വേണ്ടി ജീവൻ കൊടുക്കാനും തയ്യാറാണ് എന്ന തരത്തിലാണ് ഉപവാസ സമരത്തെ നോക്കിക്കാണുന്നത്. ചുങ്കപിരിവിനെതിരെ പാലിയേക്കരയിൽ ഉപവാസ സമരം തുടങ്ങണമെന്നത് ടോൾവിരുദ്ധ സംയുക്ത സമരസമിതിയുടെ തീരുമാനമായിരുന്നു. അങ്ങനെയാണ് ഞാൻ ഉൾപ്പെടെയുള്ള ആറ് പേർ ഉപവാസം തുടങ്ങിയത്. എന്റെ ഉപവാസ സമരം 21 ദിവസം പിന്നിട്ടപ്പോൾ ജീവൻരക്ഷാ സംഗമത്തിന്റെ ഭാഗമായി മേധപട്കർ പാലിയേക്കര സമരപന്തലിൽ എത്തിച്ചേരുകയും ഞാൻ ഉപവാസസമരം അവസാനിപ്പിക്കണമെന്ന പൊതുആവശ്യം അവർ എന്നോട് പറയുകയും ചെയ്തു. അതിനെ തുടർന്നാണ് ഞാൻ ഉപവാസം അവസാനിപ്പിച്ചത്.

സഹനസമരങ്ങളെയും രണോത്സുക സമരങ്ങളെയും ഒരുപോലെ ഉയർത്തിപ്പിടിക്കുന്ന സംഘടനയാണ് പോരാട്ടം. സാമൂഹിക പരിവർത്തനത്തിന് വേണ്ടിയുള്ള ജനങ്ങളുടെ സായുധമായ

പോരാട്ടങ്ങളെ പിന്തുണയ്ക്കുന്ന നിലപാട് തന്നെയാണ് ഞങ്ങൾക്ക് ഇപ്പോഴുമുള്ളത്.

**കേരളത്തിലെ സവിശേഷമായ ജനാധിപത്യ സാഹചര്യമാണോ മറ്റ് സംഘടനുകളുമായി ഐക്യപ്പെട്ട് അഹിംസാത്മക സമരം ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത്? അതിന് എത്രത്തോളം സാധ്യതയുണ്ട്?**

യോജിച്ച പ്ലാറ്റ്ഫോമുകൾ എപ്പോഴും ആവശ്യമായി വരും. പൊതുവിഷയത്തിന്റെ മേൽ അത്തരമൊരു ഐക്യം പാലിയേക്കരയിൽ രൂപപ്പെടുന്നുണ്ട്. ഭരണസംവിധാനത്തിനകത്ത് ചർച്ച പോലും നടക്കാത്ത സാഹചര്യത്തിൽ ജനങ്ങൾ ഈ ജനാധിപത്യ പ്രക്രിയയിൽ എന്ത് സമരങ്ങളാണ് നടത്തേണ്ടത് എന്ന ചോദ്യവും പാലിയേക്കര സമരം മുന്നോട്ട് വയ്ക്കുന്നുണ്ട്. ഉപവാസ സമരം 37 ദിവസം പിന്നിട്ടിട്ടുപോലും അവിടെ നിരാഹരമിരിക്കുന്ന പ്രവർത്തകരുടെ ആരോഗ്യ സ്ഥിതി അന്വേഷിക്കാൻ പോലും ഭരണകൂടം തയ്യാറായിട്ടില്ല. ആരോഗ്യവകുപ്പിന്റെ ഡോക്ടർമാർ ആരുടെയും ആരോഗ്യനില പരിശോധിക്കാനെത്തിയില്ല. ഉപവാസമനുഷ്ഠിക്കുന്നവരെ അറസ്റ്റ് ചെയ്ത് നീക്കാൻ പോലീസെത്തിയതു പോലും സർക്കാറിന്റെ നിർദ്ദേശപ്രകാരമല്ല. പോലീസുകാരുടെ മനുഷ്യത്വം കൊണ്ടാണ് അവർ പലപ്പോഴും പന്തലിലെത്തിയത്. എന്നെ അറസ്റ്റ് ചെയ്യാൻ വന്നപ്പോൾ എനിക്ക് നിങ്ങളുടെ സഹായം ആവശ്യമില്ലെന്ന് ഞാൻ അവരോട് പറഞ്ഞു. സർക്കാറിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും തരത്തിലുള്ള നിർദ്ദേശമുണ്ടെങ്കിൽ മാത്രം നിങ്ങൾക്ക് എന്നെ അറസ്റ്റ് ചെയ്യാം എന്നാണ് ഞാൻ അവരോട് പറഞ്ഞത്. അങ്ങനെയൊരു നിർദ്ദേശം അവർക്ക് ലഭിച്ചിട്ടില്ല.

ഭരണകൂടത്തിന്റെ നയത്തിനോട് പ്രതിഷേധിച്ച് ഉപവാസ സമരം നടത്തുന്ന ഏതൊരു വ്യക്തിയെക്കുറിച്ചും അന്വേഷിക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്തം ഭരണകൂടത്തിനുണ്ട്. പാലിയേക്കരയിൽ ആ ഉത്തരവാദിത്വം സർക്കാർ ഇതുവരെ പാലിച്ചിട്ടില്ല. ഈ രീതിയിൽ ജനാധിപത്യവിരുദ്ധമായി നിലനിൽക്കുന്ന ഭരണകൂടത്തോട് എന്തുതരത്തിലുള്ള സമരമാണ് നടത്തേണ്ടതെന്ന് പൊതുസമൂഹം ചിന്തിക്കേണ്ടിയിരിക്കുന്നു.

**ഭരണകൂടങ്ങൾ സഹനസമരങ്ങളെ വെല്ലുവിളിക്കുന്ന സാഹചര്യം നിലനിൽക്കുന്നുള്ളതിനാൽ സത്യാഗ്രഹം പോലെയുള്ള സമരരൂപങ്ങൾ പുനഃപരിശോധിക്കപ്പെടണമെന്നാണോ താങ്കൾ പറയുന്നത്?**

തീർച്ചയായും. ഈ രീതിയിലുള്ള സഹനസമരങ്ങളിലൂടെ ഭരണകൂടത്തിന് പ്രതിസന്ധികളൊന്നുമുണ്ടാകുന്നില്ല. സന്ധി സംഭാഷണത്തിന് അവർ തയ്യാറാകേണ്ടിവരുന്ന ക്രമസമാധാന പ്രശ്നം സത്യാഗ്രഹ സമരങ്ങൾക്ക് സൃഷ്ടിക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഭരണകൂടം ഇത്തരം സമരങ്ങളെ അവഗണിച്ചുകൊണ്ട് അവരുടെ പദ്ധതികളുമായി മുന്നോട്ട് പോകുന്നത്. ആ സാഹചര്യത്തിലാണ് ജനങ്ങൾ ഒരു പ്രതിരോധത്തിലേക്ക് ഉയർന്നുവരേണ്ടത്. ഇപ്പോൾ നടക്കുന്ന സഹനസമരങ്ങൾ അത്തരമൊരു ജനകീയ സമരത്തിന് അടിസ്ഥാനമൊരുക്കുകയാണ് വേണ്ടത്.

**തീവ്രമായ സമരത്തിലൂടെ ക്രമസമാധാന പ്രശ്നമുണ്ടാകുമ്പോൾ സർക്കാറിന് ഇടപെടേണ്ടി വന്നേക്കാം. പക്ഷെ അവിടെ സംഭാഷണത്തിന് സാധ്യതയുണ്ടോ? പോലീസായിരിക്കില്ലേ അവിടെ ഇടപെടുന്നത്?**

ജനങ്ങൾ എപ്പോഴും നിരായുധരായാണ് സമരത്തിൽ അണിനിരക്കുന്നത്. ഭരണകൂടമാണ് ഹിംസയുണ്ടാക്കുന്നത്. പാലിയേക്കരയിൽ അത് വളരെ പ്രകടമാണ്. ജനങ്ങളുടെ സമാധാനപരമായ മാർച്ചിനെ തടയാൻ പോലും ആയിരക്കണക്കിന് പോലീസുകാരാണ് ടോൾ പ്ലാസയിൽ അണിനിരക്കുന്നത്. 50ൽ താഴെയുള്ള പ്രവർത്തകരുടെ പ്രകടനത്തെ നേരിട്ടതുപോലും ജലപീരങ്കിയും ടിയർഗ്യാസും ഉപയോഗിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടാണ്. വിളപ്പിൽശാല സമരത്തിൽ സ്ത്രീകളെയടക്കം മർദ്ദിക്കുന്ന തരത്തിലുള്ള അക്രമം നടത്തിയത് ഭരണകൂടമാണ്. പക്ഷെ നമ്മുടെ മാധ്യമങ്ങളെല്ലാം സമരം ചെയ്യുന്നവർ അക്രമം നടത്തിയാൽ അതിന്റെ ഭീകരതയെയാണ് ഉയർത്തിക്കാണിക്കുന്നത്. അതേസമയം ഭരണകൂടത്തിന്റെ അക്രമത്തെ മറച്ചുവയ്ക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം മാധ്യമങ്ങൾ നടത്തുന്നുണ്ട്. സമരം അക്രമത്തിലേക്ക് പോയി എന്ന് പറയാനാണ് മാധ്യമങ്ങൾക്ക് താത്പര്യം. ഭരണകൂടത്തിന്റെ ഭീകരതയെ സമരം ചെയ്യുന്നവർ ഏതെങ്കിലും തരത്തിൽ പ്രതിരോധിക്കാൻ ശ്രമിച്ചാൽ അത് തീവ്രവാദ രാഷ്ട്രീയമായി മുദ്രകുത്തും.


**ഉപവാസ സമരത്തിലൂടെ കടന്നുപോകുമ്പോഴും ഈ ചിന്തകൾ മനസിലുണ്ടായിരുന്നോ?**

തീർച്ചയായും. ഈ ഉപവാസത്തെ ഒരു തട്ടിയുണർത്തൽ സമരമായാണ് ഞാൻ കണ്ടത്. ടോൾ വിരുദ്ധ സമരത്തിന്റെ സന്ദേശം ജനങ്ങളുടെ ചിന്തയിൽ എത്തിക്കുന്നതിനുള്ള ശ്രമമാണ് നിരാഹാരസമരം. അത് വിശാലമായ അർത്ഥത്തിൽ സ്വീകാര്യതയുണ്ടാക്കിയിട്ടുണ്ട്. ജനങ്ങൾ സമരം ഏറ്റെടുക്കാൻ തയ്യാറായി. എല്ലാ ദിവസവും അഞ്ചും ആറും സംഘടനകൾ ഐക്യദാർഢ്യമർപ്പിക്കാൻ പന്തലിലെത്തും. നിരാഹാരസമരം ജനങ്ങളുടെ സമരമായി മാറി. അത്തരം സന്ദർഭങ്ങളിൽ ഉപവാസം പോലെയുള്ള ആത്മത്യാഗപരമായ സമരങ്ങൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ശാശ്വതമായ സമരമാർഗ്ഗം അതുമാത്രമേയുള്ളൂ എന്ന് പറയുന്നത് ശരിയല്ല.

**ഇന്നത്തെ ഭരണകൂടങ്ങളോട് അഹിംസാത്മക സമരങ്ങൾ നടത്തിയിട്ട് കാര്യമില്ല എന്നാണോ നിങ്ങൾ പറയുന്നത്?**

പട്ടാളവാഴ്ച പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് 12 വർഷമായി ഇറോം ഷർമ്മിള നടത്തുന്ന സമരത്തോട് എന്ത് പ്രതികരണമാണ് ഭരണകൂടം നടത്തിയിട്ടുള്ളത്. ആദർശധീരനെന്ന് വിളിക്കുന്ന പ്രതിരോധ മന്ത്രി എ.കെ. ആന്റണിക്ക് എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിഞ്ഞോ? ആ സാഹചര്യം പരിഗണിക്കുമ്പോഴാണ് അഹിംസാത്മക സമരങ്ങൾ മാത്രം നടത്തിയിട്ട് കാര്യമുണ്ടോ എന്ന് സംശയിക്കുന്നത്.

**ഇന്ത്യയുടെ പല ഭാഗങ്ങളിലായി രണ്ട് തരത്തിലുള്ള സമരങ്ങൾ നടക്കുന്നുണ്ട്. മാവോയിസ്റ്റുകളുടെ മുൻ കൈയിൽ നടക്കുന്ന മിലിറ്റന്റ് ഒളി**



21 ദിവസം നീണ്ടുനിന്ന അജിതന്റെ ഉപവാസസമരം മേധാപട്കർ നാരങ്ങാനീര് നൽകി അവസാനിപ്പിക്കുന്നു

**പ്പോരാട്ടങ്ങളും ജനകീയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന സത്യാഗ്രഹ സമരങ്ങളും. കേരളത്തിലെ ജനകീയ സമരങ്ങളിൽ ഇടപെടുന്നയാൾ എന്ന നിലയിൽ രണ്ട് രീതിയിലുള്ള ഈ സമരങ്ങൾ തമ്മിൽ ഐക്യപ്പെടുന്നതിനുള്ള പൊതുവായ വിഷയങ്ങളുണ്ടോ?**

തികച്ചും രണ്ട് രീതിയിലുള്ള സമരങ്ങളാണിവ. അണ്ണാ ഹസാരെയുടെ സമരവും മേധാ പട്കറുടെ നർമ്മദ സമരവും പോലെയുള്ള സഹന സമരങ്ങൾക്ക് അവർ മുന്നോട്ടുവച്ച ആവശ്യങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടില്ല. ചില പാക്കേജുകളിലേക്ക് ആ സമരങ്ങളെ ഭരണകൂടം ചുരുക്കിയിരിക്കുന്നു. നിലവിലുള്ള ക്രമത്തെ മാറ്റിമറിക്കുന്നില്ല എന്നത് രാഷ്ട്രീയപരമായ അപര്യാപ്തതയായാണ് മാവോയിസ്റ്റ് മുന്നേറ്റങ്ങൾ കാണുന്നത്. ആ അപര്യാപ്തത പരിഹരിക്കുന്നതിനാണ് അവർ ശ്രമിക്കുന്നത്. അരുന്ധതി റോയ് ഛത്തീസ്ഗഢിലെ മാവോയിസ്റ്റ് മേഖലയിൽ സന്ദർശനം നടത്തിയപ്പോൾ 20 ശതമാനം വനമേഖല അവിടെ വികസിച്ചു എന്നാണ് പറഞ്ഞത്. അത് അവർ വെറുതെ പറഞ്ഞതല്ല. ഒന്നരമാസക്കാലത്തോളം അവിടെ ജീവിച്ചശേഷമാണ് പറഞ്ഞത്. പ്രകൃതിയെ ഗുണപരമായി ഉപയോഗിച്ചുകൊണ്ടാണ് മാവോയിസ്റ്റുകൾ അവിടെ കഴിയുന്നത്. അത്തരമൊരു ബദൽ രാഷ്ട്രീയം അധികാരവുമായി ബന്ധപ്പെട്ട് പ്രയോഗിക്കപ്പെടുമ്പോഴാണ് രാഷ്ട്രീയ മാറ്റമുണ്ടാകുന്നത്. ഇന്ത്യയുടെ റെഡ് കോറിഡോർ എന്ന് പറയുന്ന പ്രദേശത്ത് പ്രകൃതിക്കും മനുഷ്യനും നാശം വിതയ്ക്കുന്ന 110 ഖനി കരാറുകൾ നടപ്പിലാക്കാൻ സർക്കാറിന് കഴിഞ്ഞിട്ടില്ല. മാവോയിസ്റ്റുകളും ആദിവാസികളും ഒരുമിച്ച് സംഘടിച്ചതുകൊണ്ടാണ് അത് സാധ്യമായത്. ഇതേ പ്രദേശത്ത് നടക്കുന്ന അഹിംസാത്മക സമരങ്ങളെയെല്ലാം ഭരണകൂടം അടിച്ചൊതുക്കുകയാണ്. ഗാന്ധിയൻ ആശ്രമങ്ങൾ വരെ അവർ തകർക്കുന്നു. ബിനായക് സെൻ പോലും ജയിൽ അടയ്ക്കപ്പെടുന്നത് വസ്തുതകൾ ലോക മനസാക്ഷിക്ക് മുന്നിൽ അവതരിപ്പിച്ചതിന്റെ പേരിലാണ്. സ്ട്രഗിൾ ഇന്ത്യ എന്ന സംഘടനയുടെ അഖിലേന്ത്യാ സെക്രട്ടറി അസിത് കുമാർ എട്ട് വർഷമായി, വിചാരണ സമയത്ത് ജാമ്യം പോലും ലഭിക്കാതെ ശിക്ഷിക്കപ്പെട്ട് കഴിയുകയാണ്. ഇത്തരം ചെയ്തികൾ നടത്തുന്ന ഭരണകൂടത്തിന് മറുപടി അഹിംസയിലൂടെ മാത്രം സാധ്യമല്ല. തികച്ചും വ്യത്യസ്തമായ രീതിയിലാണ് നിങ്ങൾ പറഞ്ഞ രണ്ട് സമരങ്ങളും സഞ്ചരിക്കുന്നത്.

**കേരളത്തിലെ സാഹചര്യം തികച്ചും വ്യത്യസ്തമല്ലേ. തീവ്രമായ നിലപാടെടുക്കേണ്ട സാഹചര്യം ഇവിടെ നിലനിൽക്കുന്നുണ്ടോ?**

ചില സന്ദർഭങ്ങളിൽ അത് വേണ്ടിവരും. പോരാട്ടം അത്തരം സമരങ്ങൾ ചെയ്തിട്ടുണ്ട്. കുത്തകകൾക്കെതിരെയുള്ള സമരത്തിന്റെ ഭാഗമായി റിലയൻസിന്റെ ഗോഡൗൺ ഞങ്ങളുടെ പ്രവർത്തകർ അടിച്ചുതകർത്തത് അത്തരം സമരമായിരുന്നു. എന്നാൽ കേരളത്തിൽ പ്രകടമായി നിൽക്കുന്ന പൊതുബോധം തീവ്രസമരങ്ങളെ അംഗീകരിക്കുന്നില്ല. കാര്യമായ നഷ്ടങ്ങളൊന്നും സഹിക്കേണ്ടിവന്നിട്ടില്ലാത്ത, എങ്ങനെയെങ്കിലും ജീവിച്ചുപോയാൽ മതിയെന്ന് ചിന്തിക്കുന്ന മധ്യവർഗ്ഗബോധം കേരളത്തിൽ ശക്തമാണ്. സുരക്ഷിതത്വ ബോധം മുന്നിട്ടുനിൽക്കുന്നതുകൊണ്ട് നേരിട്ടുള്ള ഒരു ഏറ്റുമുട്ടൽ സമരത്തെ സ്വീകരിക്കുന്ന തരത്തിലുള്ള പൊതുബോധം കേരളത്തിൽ നിലനിൽക്കുന്നില്ല. അത്തരമൊരു സമൂഹത്തിനെ അവർ കാണാതെ പോകുന്ന അടിസ്ഥാന പ്രശ്നങ്ങൾ ബോധ്യപ്പെടുത്താൻ ആത്മത്യാഗപരമായ അഹിംസാത്മക സമരങ്ങൾ വേണ്ടിവരും. അത്തരം സാഹചര്യത്തിൽ പൊതുനിലപാടുകൾക്കനുസരിച്ച് അഹിംസാത്മക സമരങ്ങൾ നടത്തുന്നതിനും ഞങ്ങൾ തയ്യാറാണ്. പ്ലാച്ചിമട സമരത്തിൽ ഞങ്ങളുടെ പ്രവർത്തക അറസ്റ്റുവരിച്ച് ജയിലിൽ പോകുന്നത് ആ നിലപാടിന്റെ അടിസ്ഥാനത്തിലാണ്.

**ടോൾപ്ലാസ പൊളിക്കണമെന്നുതന്നെയാണോ വ്യക്തിപരമായി താങ്കൾ വിശ്വസിക്കുന്നത്?**

തീർച്ചയായും. പക്ഷെ എന്റെ നിലപാട് മാത്രം അങ്ങനെയായാൽ പോരാ. ജനങ്ങളുടെ പൊതുനിലപാട് അങ്ങനെയാകണം. ചുങ്കം പിരിക്കുന്നത് ആത്മാഭിമാനത്തിന്റെ പ്രശ്നമാണ് എന്ന തിരിച്ചറിവിലൂടെ ജനങ്ങൾ ടോൾപ്ലാസ പൊളിക്കുന്നതിലേക്കെത്തണം. അതിലേക്ക് ജനങ്ങളെ എത്തിക്കുക എന്നതാകണം സഹനസമരങ്ങളുടെ ലക്ഷ്യം.

**കാറുകൾ ഉപയോഗിക്കുന്ന അതിസമ്പന്നർക്കാണ് പ്രധാനമായും ടോൾ കൊടുക്കേണ്ടി വരുന്നതെന്നും അവരുടെ പക്കൽ നിന്നും ഉറപ്പായും ടോൾ പിരിക്കണമെന്നും ഒരു വാദം പ്രബലമായി നിലനിൽക്കുന്നുണ്ടല്ലോ?**

ജനങ്ങളെ ഭിന്നിപ്പിക്കുന്ന ഒരു വാദമാണിത്. കേരളത്തിൽ

വളരെ ന്യൂനപക്ഷം വരുന്ന വിഭാഗമാണ് 50 ലക്ഷത്തിന്റെയെല്ലാം കാറിൽ സഞ്ചരിക്കുന്നത്. ആ വാദം തത്വത്തിൽ അംഗീകരിച്ചാൽ പോലും കാറിൽ പോകുന്നവർ കൊടുക്കുന്ന പണം സർക്കാർ ഖജനാവിലേക്കല്ല എത്തിച്ചേരുന്നത്. ടോൾ കമ്പനിയുടെ അമിതിലാഭത്തിലേക്കാണ് ആ തുക കൂട്ടിച്ചേർക്കപ്പെടുന്നത്. വിലകൂടിയ കാറുകൾ ആളുകൾ വാങ്ങുമ്പോൾ തന്നെ അവരുടെ പക്കൽ നിന്നും ന്യായമായ നികുതി വാങ്ങി അത് പൊതു ആവശ്യത്തിനായി ഉപയോഗിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. നികുതി പിരിക്കേണ്ടത് സർക്കാർ തന്നെയാണ്, മാത്രമല്ല പൊതു ആവശ്യത്തിനായി ക്രയവിക്രയം ചെയ്യാനുള്ള സംവിധാനമുണ്ടാവുകയും വേണം. ആഢംബര വാഹനങ്ങളെ ടാക്സ് ചെയ്യണമെങ്കിൽ ആഢംബര നികുതി ഏർപ്പെടുത്തുകയാണ് വേണ്ടത്. അല്ലാതെ ജനങ്ങളെ പരസ്പരം ഭിന്നിപ്പിച്ചുകൊണ്ട്, ഒരു പൊതുവഴി ഉപയോഗിക്കുന്ന സമയത്ത് നികുതി പിരിക്കുന്നത് ജനാധിപത്യത്തിന് ഒട്ടും യോജിച്ച പ്രവർത്തിയല്ല.

### ഗാന്ധി പരമാവധി ഉപവസിച്ച 21 ദിവസം താങ്കൾക്കും പൂർത്തിയാക്കാൻ കഴിഞ്ഞല്ലോ. ഉപവാസാനുഭവം എങ്ങനെയായിരുന്നു?

ആദ്യദിവസങ്ങളിൽ മാത്രമാണ് വിശപ്പ് എന്ന വികാരമുണ്ടായത്. മൂന്ന് ദിവസം കഴിഞ്ഞാൽ നമ്മുടെ ശരീരം വിശപ്പുമായി പൊരുത്തപ്പെടും. നിരാഹാര സമരത്തിൽ എന്റെ പേര് ഉൾപ്പെടുത്തിയപ്പോൾ മുതൽ ഭക്ഷണം ലഘൂകരിച്ചുകൊണ്ട് ഞാൻ അതിനുള്ള തയ്യാറെടുപ്പ് നടത്തിയിരുന്നു. 21-ാം ദിവസത്തിൽപ്പോലും സ്വയം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിരുന്നു. ശാരീരികമായി ക്ഷീണിതമായിരുന്നെങ്കിലും തീരുമാനമെടുക്കാനുള്ള രാഷ്ട്രീയ ദൃഢത അവസാന ദിവസങ്ങളിൽ വരെയുണ്ടായിരുന്നു. പ്രാദേശിക ജനതയുടെ പിന്തുണയായിരുന്നു ഏറ്റവും വലിയ ശക്തി. സമരപന്തൽ അവർ സജീവമായി നിലനിർത്തി. സമരം അവർ ഒരു ഉത്സവമാക്കി മാറ്റുകയായിരുന്നു. അത്തരം ഊർജ്ജിതമായ അന്തരീക്ഷമാണ് ഉപവാസം അനായാസമാക്കി മാറ്റിയത്. ആ അന്തരീക്ഷത്തിൽ ആർക്കും തളരാത്ത സമരോർജ്ജവുമായി ഉപവാസം നടത്താൻ കഴിയും.

### ഗാന്ധിയോടുള്ള വ്യക്തിപരമായ യോജിപ്പും വിയോജിപ്പും എന്തെല്ലാമാണ്?

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധി നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ജനങ്ങളെ കൂട്ടിയോജിപ്പിക്കുന്ന കാര്യത്തിൽ. എന്നാൽ ഒക്ടോബർ വിപ്ലവത്തിന് ശേഷം ലോകത്തെമ്പാടുമുണ്ടായ മാറ്റത്തെ സ്വാംശീകരിച്ചിരുന്നവർക്ക് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഉണ്ടായിരുന്ന പങ്കിനെ കുറച്ച് കാണുന്നത് ശരിയല്ല. നിയമലംഘന സമരങ്ങളിൽ നിന്നും ബ്രിട്ടീഷുകാരുമായുള്ള സന്ധി സംഭാഷണത്തിലേക്ക് എത്തിയ ഗാന്ധി തുടക്കത്തിൽ നിന്നും പുറകോട്ട് പോവുകയാണുണ്ടായത്. കേവലം ആൾക്കൂട്ടമല്ല ചരിത്രം സൃഷ്ടിക്കുന്നത്. ആൾക്കൂട്ടത്തെയുണ്ടാക്കാൻ ഗാന്ധിക്ക് കഴിഞ്ഞെങ്കിലും രാഷ്ട്രീയ ദൗത്യം പൂർത്തീകരിക്കാനുള്ള സത്ത ആ ആൾക്കൂട്ടത്തിന് ഇല്ലായിരുന്നു. അതിന്റെ പ്രശ്നങ്ങളാണ് പിന്നീടുള്ള ഇന്ത്യൻ ജനാധിപത്യത്തിൽ പ്രതിഫലിച്ചത്.

അഹിംസാത്മക സമരം നടത്തുന്നവരെയെല്ലാം ഗാന്ധിയന്മാരായി കരുതുന്ന തെറ്റായ പ്രവണ ഇവിടെ നിലനിൽക്കുന്നുണ്ട്. തോക്കെടുത്ത ഗാന്ധിയന്മാർ എന്നാണ് അരുന്ധതി റോയ് മാവോയിസ്റ്റുകളെ വിശേഷിപ്പിച്ചത്. അവരുടെ ചില ജീവിതരീതികൾ ഗാന്ധിയോട് ചേർന്നുനിൽക്കുന്നു എന്നതിനാലാണ് അവർ അങ്ങനെ വിശേഷിപ്പിച്ചത്. പ്രകൃതിയോട് ഇണങ്ങിക്കഴിയുക എന്ന ഗാന്ധിയൻ മൂല്യങ്ങളുടെ തുടർച്ച മാവോയിസ്റ്റുകളിലാണ് കാണാൻ കഴിയുന്നത്. എന്നാൽ വർഗ്ഗബന്ധങ്ങളെ വിലയിരുത്തുന്നതിൽ ഗാന്ധിക്ക് സംഭവിച്ച പരാജയമാണ് അവർ ഇന്ന് തിരുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആത്മത്യാഗപരമായ അഹിംസാത്മക സമരങ്ങളിലൂടെ മാത്രമല്ല ലോകസമൂഹം വികസിച്ചത് എന്ന ചരിത്രപാഠവും നമുക്ക് മറക്കാതിരിക്കാം.




ആൾട്ടർ മീഡിയ

## ഓർഗാനിക്ക് ബസാർ & അരിമേള

**ഏപ്രിൽ 9 മുതൽ 12 വരെ,**
**പാണ്ടിസമൂഹമഠം ഹാൾ,**
**പഴയ നടക്കാവ്, തൃശൂർ**

കഴിഞ്ഞ 25 വർഷമായി പരിസ്ഥിതിസംരക്ഷണം, ആരോഗ്യസുരക്ഷ, ജൈവകൃഷി എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ആൾട്ടർ മീഡിയയുടെ ആറാമത് ഓർഗാനിക് ബസാർ ഏപ്രിൽ 9 മുതൽ 12 വരെ (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) പാണ്ടി സമൂഹമഠം ഹാൾ, പഴയനടക്കാവ്, തൃശൂരിൽവെച്ച് നടത്തുന്നു. രാവിലെ 9 മണി മുതൽ 8 മണി വരെ. ഓർഗാനിക് ബസാറിൽ ജൈവകൃഷി രീതിയിൽ തയ്യാർ ചെയ്ത അരി, ഗോതമ്പ്, പയറ് വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പലവ്യഞ്ജനങ്ങൾ, കൂടാതെ മണ്ണിലും, മരത്തിലും, മുളയിലും, ചണത്തിലും ഉാക്കിയ നിത്യോപയോഗസാധനങ്ങൾ, കളിപ്പാട്ടങ്ങൾ, പരുത്തി വസ്ത്രങ്ങൾ, തേൻ തുടങ്ങിയവയുടേയും പുസ്തകങ്ങളുടേയും വിപുലമായ ശേഖരം ഒരുക്കിയിട്ടുണ്ട്. അരിമേളയിൽ വിവിധ ഇനം നാടൻ നെല്ലുകളുടെ പ്രദർശ നവും ജൈവരീതിയിൽ കൃഷി ചെയ്ത അരികളുടെയും, അരികൊണ്ട് ഉണ്ടാക്കിയ അത്യപൂർവ്വ നാടൻ പലഹാരങ്ങളുടെയും പ്രദർശനവും വില്പനയും ഒരുക്കിയിരിക്കുന്നു. താങ്കൾ കുടുംബസമേതം പങ്കെടുക്കുമല്ലോ.

**ആൾട്ടർ മീഡിയ,**
**ജൈവോൽപ്പന്നശാല,**
**മ്യൂസിക് പാർക്കിന് മുകളിൽ,**
**എം.ജി. റോഡ്, തൃശൂർ**
**ഫോൺ: 0487 2422974, 9495026478**